പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3856 — 20/07/2015 ൽ മറുപടിയ്ക്ക്

## റീ- സർവ്വേ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി. കെ. നാണു | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 1965-ൽ റീ-സർവ്വേ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര വർഷം കൊണ്ടാണ് റീ-സർവ്വേ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നത്; | (എ) 1965 ൽ സംസ്ഥാന സർക്കാർ റീസർവ്വേ സംബന്ധിച്ച് പുറപ്പെടുവിച്ച ജി.ഒ. (എം.എസ്സ്) 781/65/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 30 വർഷം കൊണ്ടാണ് റീസർവ്വേ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. |
| (ബി) എത്ര പ്രദേശത്തിന്റെയും എത്ര വില്ലേജിന്റെയും റീ-സർവ്വേയാണ് പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത്; | (ബി) സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും റീസർവ്വേ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. |
| (സി) പ്രസ്തുത സർവ്വേയ്ക്ക് എത്ര ജീവനക്കാരുടെ സേവനമാണ് വിനിയോഗിക്കുവാൻ ഉദ്ദേശിച്ചത്; | (സി) റീ-സർവ്വേ ജോലികൾക്കായി എത്ര ജീവനക്കാരുടെ സേവനമാണ് വിനിയോഗിക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നില്ല. |
| (ഡി) ഇതിനു വേണ്ടി എത്ര ജീവനക്കാരെ നിയോഗിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ; | (ഡി) റീസർവ്വേ ജോലികൾക്കായി നിലവിൽ 1678 ഫീൽഡ് സർവെയർമാർ ഉൾപ്പെടെ 3804 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. |
| (ഇ) എത്ര പ്രദേശത്തിന്റെയും എത്ര വില്ലേജുകളുടെയും റീ-സർവ്വേ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ഇ) സംസ്ഥാനത്തെ 824 വില്ലേജുകളിലായി 1966382.00 ഹെക്ടർ ഭൂമിയിൽ റീസർവ്വേ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ